## കൽപ്പറ്റ നഗരസഭ സി.ഡി.എസ്

മാറി മാറി വരുന്ന മുൻസിപ്പൽ ഭരണസമിതി, കഴിഞ്ഞ രണ്ട് പ്രളയം വരുത്തി വെച്ച നാശനഷ്ടങ്ങൾ തുടങ്ങി പ്രതികൂല സാഹചര്യങ്ങൾക്കിടയിലും കുടുംബശ്രീ പ്രവർത്തനങ്ങൾ കോട്ടം തട്ടാതെ നടക്കുന്നുണ്ടെങ്കിൽ അതിന് ഒരേ ഒരു കാരണമേ യുള്ളൂ എന്ന് നമുക്ക് പറയാൻ പറ്റുന്നത്, നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കുന്ന ഒരു ചെയർപേഴ്സണും അതേ ഊർജ്ജം ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു ഭരണസ മിതിയും ഉണ്ടെന്നതാണ്. ഈ കഴിഞ്ഞ കാലയളവ് വരെ എസ്.ടി സംവരണ സി.ഡി. എസ് ആയ കൽപ്പറ്റയിൽ ഇത്തവണയാണ് സംവരണം ഒഴിവാകുന്നതും സഫിയ എന്ന ചെയർപേഴ്സൺ സ്ഥാനമേൽക്കുന്നതും. അഞ്ജത കൊണ്ടും അലംബാവം കൊണ്ടും കഴിഞ്ഞ ചെയർപേഴ്സൺ വരുത്തിവെച്ച കടബാധ്യതകൾ സ്വന്തം കയ്യിലെ കാശുപയോഗിച്ചു തീർത്തു കൊണ്ടായിരുന്നു ചെയർപേഴ്സണും ഉപസമിതി കൺവീ നർമാരും ഈ ഭരണസമിതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഒരു തുക പോലും ഓൺഫണ്ടിൽ നീക്കിയിരുപ്പില്ലാത്ത സാഹചര്യത്തിൽ പിന്നോക്ക വിഭാഗ കോർപറേ ഷനിൽ നിന്നും രണ്ട് കോടി രൂപ വായ്പയെടുത്താണ് പ്രവർത്തനങ്ങൾ അവർ ആരംഭിക്കുന്നത്. ഈ തുക അയൽക്കൂട്ടങ്ങൾക്ക് വായ്പയായി നൽകി അതിന്റെ പലി ശയിലത്തിൽ കിട്ടുന്ന വിഹിതമാണ് ഓൺഫണ്ടായി ഉപയോഗിച്ചു വരുന്നത്.

എല്ലാ ദിവസവും ഉപസമിതി കൺവീനർമാർ സി.ഡി.എസ് ഓഫീസിൽ എത്തു കയും ചെയർപേഴ്സണിനൊപ്പം പ്രവർത്തനങ്ങളിൽ പങ്കാളികൾ ആവുകയും ചെയ്യുന്നുണ്ട്. പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്ന ഉപസമിതികളും അവരെ നയി ക്കുന്ന ചെയർപേഴ്സണും ആണ് നിലവിലെ ഭരണസമിതിയുടെ വിജയം. മാസത്തിൽ രണ്ട് തവണകളിലായാണ് ഭരണസമിതി യോഗങ്ങളും ഉപസമിതി യോഗങ്ങളും നട ക്കുന്നത്.

### മറ്റ് സി.ഡി.എസുകൾക്കും മാതൃകയാക്കാവുന്ന കാര്യങ്ങൾ;

1. ഹോണറേറിയമില്ലാതെ പ്രവർത്തിക്കുന്ന ഉപസമിതി കൺവീനർമാർ സി.ഡി.എ സിന്റെ ദൈനംദിന ജോലികളിൽ ഏർപ്പെടാത്തതും പ്രവർത്തനങ്ങളിൽ കാര്യ ക്ഷമമായി പങ്കാളിത്തം ഇല്ലാത്തതുമാണ് മിക്ക സി.ഡി.എസിലെയും പ്രവർത്തനങ്ങൾ പിന്നോക്കം നിൽക്കാൻ കാരണമാവുന്നത്. ഇതിനായി ഇവി ടുത്തെ ചെയർപേഴ്സൺ കണ്ടെത്തിയ പ്രതിവിധിയായിരുന്നു മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ പാർട് ടൈം സ്വീപ്പർമാരെ നിയമിക്കുന്ന അവസരത്തിൽ തന്റെ ഇടപെടൽകൊണ്ട് ആ ജോലിയിൽ ഉപസമിതി കൺവീനർമാരെ നിയ മിച്ചത്. ഇത് വഴി ഉപസമിതി കൺവീനർമാർക്ക് ഒരു സ്ഥിര വരുമാനത്തിന് പുറമെ രാവിലെ 11 മണിയോടെ കഴിയുന്ന അവരുടെ ജോലിക്ക് ശേഷം സി. ഡി.എസിന്റെ ദൈനംദിന ജോലികളിലും മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന തിന് വഴിയൊരുക്കുകയും ചെയ്തു.
2. താഴെത്തട്ടിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓരോ എ. ഡി.എസ് സെക്രട്ടറിക്ക് പുറമെ ഓരോ വാർഡിലേയും എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിനായും വിലയിരുത്തുന്നതിനായും വാർഡുകൾ തിരിച്ചുകൊണ്ട് ആർ.പിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ മാസവും മോണിറ്റർ ചെയ്യുന്നതിനായി സി.ഡി.എസിൽ നിന്നും പ്രത്യേക ഫോം ഈ ആർ. പിമാർക്ക് നൽകുകയും അവർ നടത്തുന്ന വിവരശേഖരണത്തിന്റെയും

വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഉപസമിതി യോഗങ്ങൾ ചേരുകയും അതിന്റെ അടിസ്ഥാനത്തിൽ അടുത്ത ഭരണസമിതി യോഗത്തിൽ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

**സി.ഡി.എസ് മുൻകയ്യെടുത്ത് നടത്തിയ സംയോജന പരിപാടികൾ**

1. കൃഷിഭവനുമായി സംയോജിച്ച് കൊണ്ട് 132 അയൽക്കൂട്ടങ്ങൾക്ക് പരിശീലനവും വിത്തും തൈകളും നൽകിയിരുന്നു. (എന്നാൽ പ്രളയം വന്നത് ഈ പരിപാടി ലക്ഷ്യത്തിലെത്തിച്ചില്ല)
2. മൃഗസംരക്ഷണവകുപ്പുമായി ചേർന്ന് ആടുകളെ വിതരണം ചെയ്തു.
3. ആരോഗ്യവകുപ്പുമായി ചേർന്ന് ഹരിതകർമ്മസേനയ്ക്കു മുൻപ് തന്നെ 'എന്റെ മാലിന്യം എന്റെ ഉത്തരവാദിതം' എന്ന പരിപാടി സി.ഡി.എസ് ഏറ്റെടുത്ത് ചെയ്തു.
4. അയൽക്കൂട്ടം ആരംഭിക്കാതിരുന്ന ആറാം വാർഡിൽ കൗൺസിലറുമായി സഹകരിച്ചു കൊണ്ട് ഓരോ വീട്ടിലും നാല് കി.ഗ്രാം അരിയും 1 പുതപ്പ് വീതം 56 പുതപ്പും (സ്പോൺസർഷിപ്പ്) വിതരണം ചെയ്ത് കൊണ്ട് അയൽക്കൂട്ടം ആരംഭിച്ചു

**വെല്ലുവിളികളും നടപടികളും**

1. ആർ.ഒ. ആർ.എഫ്, അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് എന്നിവ വർഷങ്ങളായി മുടങ്ങിയതിനാൽ സബ്സിഡി, ഉപസമിതി കൺവീനർമാരുടെ ഹോണറേറിയം എന്നിവ നൽകാൻ കഴിയാത്ത അവസ്ഥയാണ്. സി.ഡി.എസുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് കൃത്യമായി നൽകേണ്ടതുണ്ട്.
2. കഴിഞ്ഞ രണ്ടു പ്രളയത്തിലുമായി സി.ഡി.എസ് ഓഫീസിൽ വെള്ളം കയറുകയും കമ്പ്യൂട്ടറുകളും ഫയലുകളും ഉൾപ്പടെ നിരവധി രേഖകൾ നശിച്ചുപോയിട്ടുണ്ട്. ആദ്യപ്രളയത്തിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ജില്ലാമിഷൻ നൽകാൻ ആവശ്യപ്പെട്ട പ്രകാരം നൽകിയെങ്കിലും ഇതുവരെ യാതൊരു സഹായവും ലഭ്യമായിട്ടില്ല. പ്രളയ ബാധിത സി.ഡി.എസുകൾക്കുള്ള സഹായങ്ങളും മുൻകരുതലുകളും ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നൽകാനുള്ള നടപടികൾ
3. ഒരു ഭരണകാലയളവിൽ ഒരിക്കലെങ്കിലും ചെയർപേഴ്സൺ, ഉപസമിതി അംഗങ്ങൾ എന്നിവർക്ക് സംഘടനാസംവിധാനത്തിനെ പറ്റിയും പദ്ധതികളെ കുറിച്ചും പരിശീലനം നൽകേണ്ടതാണ്. പുതുതായി തെരെഞ്ഞെടുക്കപ്പെടുന്നവർക്ക് കാര്യങ്ങൾ പഠിച്ചു വരാൻ വൈകുന്നത് പ്രവർത്തനങ്ങൾ മന്ദഗതിയിലാക്കുന്നു.
4. ആനിമേറ്ററിന്റെ അപര്യാപ്തത. നിലവിൽ ഒരു ആനിമേറ്റർ മാത്രമാണ് കൽപ്പറ്റ സി.ഡി.എസിൽ ഉള്ളത്. തെരെഞ്ഞെടുക്കുന്നതിനായുള്ള ഇന്റർവ്യൂ കഴിഞ്ഞെങ്കിലും നിയമനം നടന്നിട്ടില്ല.
5. മുറ്റത്തെ മുല്ല പരിപാടി ഇതുവരെ നടപ്പിലാക്കിയിട്ടില്ല. കാരണം നിലവിലെ ബാങ്ക് പലിശയിൽ നിന്നും യാതൊരു ഇളവോ ഗുണമോ നിലവിലെ മാർഗ്ഗരേഖ പ്രകാരം ഉണ്ടാവില്ലെന്നും മാർഗ്ഗരേഖ പുതുക്കണമെന്നുമാണ് ചെയർപേഴ്സണും ഉപസമിതി കൺവീനർമാരും ഒന്നടങ്കം ആവശ്യപ്പെടുന്നത്.

6. നൈപുണ്യ പരിശീലനത്തിന് പോവുന്ന എസ്.ടി മേഖലയിലെ കുട്ടികളുടെ കൂട്ടമായുള്ള കൊഴിഞ്ഞുപോക്ക്. ചില കുട്ടികൾ കോഴ്സ് പൂർത്തിക്കുന്ന തിനും ചിലർ തൊഴിലിൽ തുടരുന്നതിനും തയ്യാറാവുന്നില്ല.

**പ്രത്യാശ എം. ഇ**

പതിനേഴാം വാർഡിൽ സ്നേഹസദനിൻ മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ മൂന്ന് എം. ഇ പ്രവർത്തിച്ചു വരുന്നു. തണൽ, തളിർ, തുഷാര എന്നിവയാണവ. മെഴുകുതിരി നിർമ്മാണം, ആഭരണനിർമ്മാണം, മാറ്റ് നിർമ്മാണം, പച്ചക്കറി കൃഷി എന്നിവയാണിവർ ചെയ്യുന്നത്.

1. മാനസികോല്ലാസത്തിനൊപ്പം വൈദഗ്ദ്യശേഷി വർദ്ധിപ്പിക്കുന്നതിന് സാധിക്കുന്നു.
2. 50000 രൂപ വീതം ഓരോ എം. ഇ യ്ക്കും ധനസഹായം ലഭിച്ചു
3. 15 ദിവസത്തെ വൈദഗ്ദ്യ പരിശീലനം സ്നേഹസദനിൽ തന്നെ നൽകി
4. ഉൽപ്പന്നങ്ങൾ ആമസോണിൽ വരെ ലിസ്റ്റ് ചെയ്യപ്പെട്ടു.
5. ഉൽപ്പന്നങ്ങൾ വിൽപന നടത്തുന്നതു വഴി വരുമാന മാർഗ്ഗം സാധ്യമാവുന്നു. ഇത് കൂടുതൽ നിർമ്മാണ വസ്തുക്കൾ വാങ്ങുന്നതിന് സഹായിക്കുന്നു.
6. ഭക്ഷണത്തിനാവശ്യമായ വിഷരഹിത പച്ചക്കറികൾ ഉൽപാദിപ്പിക്കാൻ സാധിക്കുന്നു.

**വെല്ലുവിളികളും നടപടികളും**

1. വെല്ലുവിളികളെ അതിജീവിച്ചുകൊണ്ട് വിപണിയിലേക്ക് എത്തിപ്പെടാൻ സാധിക്കുന്നില്ല. സി.ഡി.എസിന്റെ നേതൃത്വത്തിൽ കൂടുതൽ വിപണി സാധ്യത ഇത്തരം സംരംഭങ്ങൾക്ക് ഒരുക്കേണ്ടതുണ്ട്.
2. നിർമ്മാണ വസ്തുക്കളുടെ അപര്യാപ്തത കൂടുതൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനും ആമസോണിൽ വരുന്ന ഓർഡർ അനുസരിച്ച് നൽകാനും കഴിയുന്നില്ല. നിലവിൽ പലരും നൽകുന്ന പഴയ സാരി ഉപയോഗിച്ചാണ് മാറ്റ് ഉണ്ടാക്കുന്നത്. അതുകൊണ്ട് തന്നെ ആമസോണിൽ നൽകിയ ചിത്രത്തിലെ പോലെ ഒരേ ഡിസൈൻ മാറ്റ് ആവശ്യപ്രകാരം എത്തിക്കാൻ സാധിക്കുന്നില്ല.

**അയൽക്കൂട്ടം**

പത്താം വാർഡിൽ 2009 ൽ പ്രവർത്തനമാരമഭിച്ച അക്ഷയ അയൽക്കൂട്ടത്തിൽ 15 അംഗങ്ങളാണുള്ളത്.

1. വീട്ടമ്മമാരായ സ്ത്രീകൾക്ക് നാട്ടുകാര്യങ്ങളും ലോകകാര്യങ്ങളും ചർച്ച ചെയ്യാൻ ഒരു വേദി
2. സെക്രട്ടറി പങ്കെടുത്ത ഒരു പരിപാടിയുടെ (ജീവനം) റിപ്പോർട്ട് എഴുതി തയ്യാറാക്കിയത് അയൽക്കൂട്ടത്തിൽ വായിച്ചത് മറ്റ് അംഗങ്ങൾക്കും ആ പരിപാടിയെ കുറിച്ച് ധാരണയുണ്ടാക്കാൻ സാധിച്ചു. ഇത് ഇവർ സ്ഥിരമായി ചെയ്തു വരുന്ന ഒരു കാര്യമാണ്. ഏതൊരു മീറ്റിംഗിനോ പരിപാടിയ്ക്കോ ആരെങ്കിലും പങ്കെടുത്തിട്ടുണ്ടെങ്കിൽ അടുത്ത അയൽക്കൂട്ടത്തിൽ അതിന്റെ റിപ്പോർട്ട് അവതരിപ്പിക്കുന്നു. ഇത്. താഴെത്തട്ടിലേക്ക് വിവരങ്ങൾ കൈമാറുന്നതിന് സഹായിക്കുന്നു.

3. അംഗത്തിലാർക്കെങ്കിലും കല്യാണ ആവശ്യങ്ങൾ വന്നാൽ അയൽക്കൂട്ടത്തിന്റെ സമ്പാദ്യത്തിൽ നിന്നും ഒരു ലക്ഷം രൂപ വരെ പലിശയില്ലാതെ താൽകാലിക (പരമാവധി ഒരാഴ്ച) കടമായി നൽകുന്നു. കല്യാണം കഴിഞ്ഞ് ആ അംഗം കടം വാങ്ങിയ തുക തിരിച്ചടക്കുന്നു. ഇത് അംഗങ്ങൾക്കിടയിലെ വിശ്വാസത്തെയും സഹായമനോഭാവത്തെയും സൂചിപ്പിക്കുന്നു. മറ്റ് അയൽക്കൂട്ടങ്ങൾക്കും മാതൃകയാക്കുവുന്ന ഒരു ധനസഹായസംവിധാനമാണിത്.

**വെല്ലുവിളികളും നടപടികളും**

1. യഥാർത്ഥ ഗുണഭോക്താക്കളെ പദ്ധതികളിലുൾപ്പെടുത്താൻ സാധിക്കുന്നില്ല.
   - സ്വന്തമായി വീടില്ലാതെ വാടക വീട്ടിൽ താമസിക്കുന്ന അവിവാഹിതരായ വാർദ്ധക്യത്തിലേക്ക് കടന്ന സഹോദരിമാരെ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തത്, അവരിലൊരാൾ ദിവസവേതനാടിസ്ഥാനത്തിൽ ഒരു സ്വകാര്യ ആശുപത്രിയിൽ ക്ലീനിംഗ് ജോലി ചെയ്യുന്നു എന്നതാണ്. ഈ കിട്ടുന്ന വരുമാനം ആഹരാത്തിനോ മരുന്നിനോ വാടകയ്ക്കോ ഏതിനാണ് കൊടുക്കുക എന്നാണ് അവർ ചോദിക്കുന്നത്.

   ഇത്തരം ഗുണഭോക്താക്കളെ പ്രത്യേക കേസായിപരിഗണിക്കാവുന്ന തരത്തിൽ മാർഗ്ഗരേഖകൾ പുതുക്കി തയ്യാറാക്കേണ്ടതുണ്ട്.

➢ അംഗങ്ങൾ ഉന്നയിച്ച ഒരു പ്രധാന ആവശ്യം എന്നത്, പരിപാടികളിൽ ജനപങ്കാളിത്തം കൂട്ടാൻ കുടുംബശ്രീയെ ആശ്രയിക്കുന്നു. താൽപര്യമില്ലെങ്കിലും ഇത്തരം പരിപാടികളിൽ പങ്കെടുക്കാൻ ഇവർ നിർബന്ധിക്കപ്പെടുകയാണെന്നാണ് അവർ പറയുന്നത്.

**വയോജന അയൽക്കൂട്ടം**

മൂന്നാം വാർഡിലെ കൃപ അയൽക്കൂട്ടത്തിൽ പതിനാറ് അംഗങ്ങളിൽ ആറ് സ്ത്രീകളും പത്ത് പുരുഷൻമാരുമാണുള്ളത്. 2019 ജൂലൈയിലാണ് ആരംഭിച്ചത്.

1. അയൽക്കൂട്ടത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നത് സർക്കാർ സേവനത്തിൽ നിന്നും വിരമിച്ച ആളായതുകൊണ്ട് തന്നെ മിനുട്സും രേഖകളും കൃത്യമായി തന്നെ എഴുതി സീക്ഷിച്ചിട്ടുണ്ട്. സ്വന്തം പേര് മാത്രം എഴുതാൻ അറിയുന്ന ഭൂരിഭാഗം അംഗങ്ങൾക്കും ഒരു വഴികാട്ടിയായാണ് ഈ സെക്രട്ടറി നിലകൊള്ളുന്നത്.
2. ഈ വാർദ്ധക്യത്തിലും എസ്റ്റേറ്റ് ജോലിക്ക് പോകുന്നവരാണ് മിക്കവരും. അവർക്കും അസുഖം ബാധിച്ചവർക്കും രണ്ടാഴ്ചയിൽ ഒരിക്കൽ ചേരുന്ന അയൽക്കൂട്ടയോഗം ഏറെ ആശ്വാസകരമാണ്.
3. മറ്റുള്ളവരുമായി ഇടപഴകാൻ കഴിയുന്നതും സ്വന്തം പ്രശ്നങ്ങൾ മറ്റൊരാളോട് തുറന്ന് പറയുമ്പോൾ ഉണ്ടാവുന്ന ആശ്വാസവും അവർക്ക് വലുതാണ്.
4. മാനസികോല്ലാസത്തിനും വാർദ്ധക്യ സഹജ രോഗങ്ങളിൽ നിന്നും അല്പം ഒരു രക്ഷയും ഈ ഒരു പൊതു ഇടം അവർക്ക് നൽകുന്നുണ്ട്.

**നിർദ്ദേശങ്ങൾ**

1. ആരോഗ്യവകുപ്പുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ നടത്താൻ ശ്രമിക്കാവുന്നതാണ്.
2. ബാലസഭകളുമായി ചേർത്ത് യോഗങ്ങൾ നടത്താനും കുട്ടികളും പ്രായമായവരും തമ്മിലുള്ള ബന്ധം വളർത്തുന്നതിനായി കൂടുതൽ പരിപാടികൾ അവധി കാലങ്ങളിൽ നടത്താവുന്നതാണ്.

**ജെ. എൽ. ജി**

പത്തൊമ്പതാം വാർഡിലെ നൻമ ജെ. എൽ. ജിയിൽ അഞ്ചംഗങ്ങളാണുള്ളത്. പ്രധാന വിളകൾ വാഴ, നെല്ല് എന്നിവയാണ്.

**വെല്ലുവിളികളും നടപടികളും**

1. വർഷാവർഷമുണ്ടാവുന്ന പ്രളയവും അത് മൂലം ഉണ്ടാവുന്ന നാശനഷ്ടങ്ങളും കർഷകരെ കൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നു. അതുകൊണ്ട് തന്നെ പ്രളയക്കെടുതി വന്ന കർഷകർക്കുള്ള ധനസഹായം കാലതാമസം കൂടാതെ കർഷകരിലേക്ക് എത്തിക്കുന്നതിനായി കൃഷി വകുപ്പുമായി ഇടപ്പെട്ട് നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.
2. പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം വരുന്ന കർഷകർക്ക് ലോണിന് പലിശ ഈടാക്കാതിരിക്കുന്നതിനായോ പലിശരഹിത ലോണുകൾ നൽകുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.
3. വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിനായിവനം വകുപ്പുമായി ചേർന്ന് കൃഷി സംരക്ഷണത്തിനായുള്ള എന്തെങ്കിലും മാർഗ്ഗങ്ങൾ കൈക്കൊള്ളാവുന്നതാണ്.